എ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റ് എം.എൽ.എ.മാർക്ക് (2015-16-ൽ) ഭരണാനുമതി ലഭിച്ചതിന്റെ വിശദാംശങ്ങൾ.

എം.എൽ.എ.യുടെ പേര്	ഭരണാനുമതി ലഭിച്ച തീയതി	ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ പേര്	പ്രവൃത്തിയുടെ തുക മുൻകൂറായി വനം വകുപ്പിന് നല്കിയിട്ടാണോ ടെണ്ടർ ചെയ്തത്
ബഹു. പുനലൂർ എം.എൽ.എ. ശ്രീ. കെ. രാജു	4-6-2015	തൊടിയിൽകണ്ടം-ഓലപ്പാറ വലിയ തോടിന് കുറുകെ ചപ്പാത്ത് നിർമ്മാണം	അല്ല. പ്രവൃത്തി ടെണ്ടർ നടത്തിയിട്ടില്ല
ബഹു. പുനലൂർ എം.എൽ.എ. ശ്രീ. കെ. രാജു	6-7-2015	അച്ചൻകോവിൽ-കുഴുതുരുട്ടി റോഡിൽ ഫോറസ്റ്റ് ഭാഗം റോഡ് കോൺക്രീറ്റ് ചെയ്യൽ	അല്ല. ഫണ്ട് ലഭ്യമാകാതിരുന്നതിനാൽ ടെണ്ടർ നോട്ടിഫിക്കേഷൻ റദ്ദ് ചെയ്തു

(ഡി) 2012-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഇപ്പോഴത്തെ നിരക്കിൽ ജോലി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മതിയാവാതെ വരുന്ന തുകയ്ക്ക് ഫണ്ട് കണ്ടെത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. അടുത്ത സീസണ മുമ്പ് ടി പ്രവൃത്തി പൂർത്തിയാക്കുവാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

വൈക്കം നിയോജകമണ്ഡലത്തിലെ വനം വകുപ്പിന്റെ പദ്ധതികൾ

215 (3322) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനംവകുപ്പുവഴി ഏതെല്ലാം പദ്ധതികളാണ് വൈക്കം നിയോജക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ളതെന്നും ഇതിനായി എത്ര തുകയാണ് വകുപ്പുവഴി ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ വനം വകുപ്പിന്റെ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിലൂടെ വൈക്കം നിയോജക മണ്ഡലത്തിൽ വൃക്ഷവത്കരണ പരിപാടിയിലൂടെ എത്ര വൃക്ഷത്തൈകൾ വിതരണം ചെയ്തെന്നും കാവ് സംരക്ഷണ പദ്ധതിയിലൂടെ എത്ര കാവുകൾക്ക് എത്ര തുക വീതം ധനസഹായം നൽകിയെന്നും വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളും, അവയ്ക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരവും ചുവടെ ചേർക്കുന്നു:

വർഷം	നടപ്പാക്കിയ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (രൂപ)
2011-12	കുട്ടനാട് പാക്കേജ്	2,70,000
	1. കാവുകൾക്ക് നല്കിയ ധനസഹായം	
	2. മെസ്സേജ് ബോർഡ് സ്ഥാപിക്കൽ (2 എണ്ണം)	30,000
	ജൈവവൈവിധ്യ സംരക്ഷണം	
	കാവുകൾക്ക് നൽകിയ ധനസഹായം	50,000
2012-13	ജൈവവൈവിധ്യ സംരക്ഷണം	80,000
	കാവുകൾക്ക് നൽകിയ ധനസഹായം	
	വനമിത്ര അവാർഡ്	
	സ്വകാര്യഭൂമിയിൽ മരം വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രോത്സാഹന ധനസഹായം	6,250
2013-14	കുട്ടനാട് പാക്കേജ്	
	1. കാവുകൾക്ക് നല്കിയ ധനസഹായം	85,000
	2. മെസ്സേജ് ബോർഡ് സ്ഥാപിക്കൽ (2 എണ്ണം)	16,400
	വെറ്റ് ലാന്റ് മാനേജുമെന്റ് പദ്ധതി പ്രകാരം നടത്തിയ എൻടി പോയിന്റ് ആക്ടിവിറ്റി	
	വാട്ടർ പ്യൂരിഫൈർ വാങ്ങി നല്കിയത്	60,200
	സെപ്റ്റിക് ടാങ്ക് വാങ്ങി നല്കിയത്	40,550
	ബയോഗ്യാസ് പ്ലാന്റ് വാങ്ങി നല്കിയത്	12,300
	ജൈവവൈവിധ്യ സംരക്ഷണം	
	കാവുകൾക്ക് നൽകിയ ധനസഹായം	40,000
	കണ്ടൽക്കാട് വച്ചുപിടിപ്പിക്കുന്നതിന് നൽകിയ ധനസഹായം	80,500
2014-15	കുട്ടനാട് പാക്കേജ്	
	കാവുകൾക്ക് നല്കിയ ധനസഹായം	1,49,000
	ജൈവവൈവിധ്യ സംരക്ഷണം	
	കാവുകൾക്ക് നൽകിയ ധനസഹായം	87,500
	കണ്ടൽക്കാട് വച്ചുപിടിപ്പിക്കുന്നതിന് നൽകിയ ധനസഹായം	1,14,000
	മിഷൻ 676	
	കരുവിള്ളൂട് ഉണ്ടാക്കി സ്ഥാപിക്കൽ	10,000
	നക്ഷത്ര വനം നിർമ്മിക്കൽ	2,400

(ബി) വൈക്കം മണ്ഡലത്തിൽ വിതരണം ചെയ്ത വൃക്ഷത്തൈകളുടേയും, കാവുകൾക്ക് വിതരണം ചെയ്ത ധനസഹായത്തിന്റേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു:

വൃക്ഷത്തൈകളുടെ വിതരണം

വർഷം	വിതരണം ചെയ്ത തൈകളുടെ എണ്ണം
2011-12	25000
2012-13	100000
2013-14	146000
2014-15	122125
2015-16	94315

കാവുകൾക്ക് നൽകിയ ധനസഹായം

വർഷം	പദ്ധതി	തുക
2011-12	ജൈവവൈവിധ്യ സംരക്ഷണം (6 എണ്ണം)	80,000
	കുട്ടനാട് പാക്കേജ് (60 എണ്ണം)	3,00,000
2012-13	ജൈവവൈവിധ്യ സംരക്ഷണം (5 എണ്ണം)	1,00,000
2013-14	ജൈവവൈവിധ്യ സംരക്ഷണം (4 എണ്ണം)	70,000
2014-15	ജൈവവൈവിധ്യ സംരക്ഷണം (4 എണ്ണം)	56,000
	കുട്ടനാട് പാക്കേജ് (37 എണ്ണം)	1,11,000

വനശ്രീ യൂണിറ്റുകളെ ശക്തിപ്പെടുത്താൻ പദ്ധതി

216 (3323) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. വി. ടി. ബൽറാം
ശ്രീ. ഹൈബി ഈഡൻ
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനശ്രീ യൂണിറ്റുകളെ ശക്തിപ്പെടുത്താൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly